(ബി) മറ്റു വകുപ്പുകളിൽ ഓപ്പൺകാറ്റഗറിയിൽ ഉൾപ്പെടുത്തി നേരിട്ടുള്ള നിയമനത്തിന് 20% പോസ്റ്റുകൾ എന്ന് നിജപ്പെടുത്തിയിട്ടുള്ളപ്പോൾ പഞ്ചായത്തു വകുപ്പിലും നേരിട്ടുള്ള നിയമനത്തിന് 20% പോസ്റ്റുകൾ എന്ന് നിജപ്പെടുത്തുമോ ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 40% പോസ്റ്റുകൾ.

(ബി) നിലവിലുള്ള കാറ്റഗറിയിൽ മാറ്റം വരുത്തുവാൻ തൽക്കാലം ഉദ്ദേശമില്ല.

വിവിധ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്കുമാരായി ജോലിനോക്കുന്നവരുടെ പ്രൊബേഷൻ പ്രഖ്യാപനത്തിനുള്ള തടസ്സം

76 (2199) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പഞ്ചായത്ത് ഓഫീസുകളിൽ എൽ.ഡി. ക്ലാർക്കുമാരായി ജോലി നോക്കുന്ന ഉദ്യോഗസ്ഥർ രണ്ട് വർഷം കഴിഞ്ഞാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കി എന്ന് പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) ഇപ്പോൾ എൽ.ഡി. ക്ലാർക്കുമാർക്ക് നൽകിയിട്ടുള്ള നികുതി പിരിവ് ടാർജറ്റിന്റെ 85% എങ്കിലും പിരിച്ചാൽ മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുകയുള്ളൂ എന്ന് വിവിധ ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) സർക്കാർ ഇപ്രകാരം ഒരു നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൽ. ഡി. ക്ലാർക്ക് തസ്തികയിൽ രണ്ട് വർഷം പൂർത്തിയാക്കിയതു കൊണ്ട് മാത്രം പ്രൊബേഷൻ പൂർത്തിയാക്കിയെന്ന് പ്രഖ്യാപിക്കുവാൻ കഴിയുകയില്ല. തുടർച്ചയായ മൂന്നു വർഷത്തിനിടയിൽ രണ്ടു വർഷത്തെ സേവനം വേണം. ഈ കാലയളവിൽ നിർബന്ധിത ടെസ്റ്റുകൾ പാസ്സായിരിക്കണം.

(ബി) പ്രൊബേഷൻ പൂർത്തിയാക്കിയെന്ന് പ്രഖ്യാപിക്കുന്നത് നികുതി പിരിവ് ടാർജറ്റ് കൈവരിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല.

(സി) നൽകിയിട്ടില്ല.

കുന്ദംകുളം മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് നിശ്ചയിച്ചതിനെക്കുറിച്ച് പരാതി

77 (2200) ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദംകുളം മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് നിശ്ചയിച്ചതിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly